**POLICE** **DEPARTMENT**

**KERALA**

**No. E2-8270/2016/N**
District Police Office,
Pathanamthitta
sppta.pol@kerala.gov.in
04682222630
Dated. 10-05-2018

**<u>പുനർലേല പരസ്യം</u>**

പത്തനംതിട്ട ജില്ലയിലെ പോലീസ് വകുപ്പ് വക താഴെ പറയുന്ന വാഹനങ്ങൾ 10/07/2018 തീയതി പകൽ 11 മണിക്ക് പത്തനംതിട്ട സായുധസേനാ ക്യാമ്പിൽ വെച്ച് പരസ്യമായി പുനർലേലം ചെയ്ത് വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു .

| ക്രമനമ്പർ | വാഹന രെജിസ്ട്രേഷൻ നമ്പർ | വാഹന ഇനം | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | KL 01 X 4748 | മഹീന്ദ്ര ജീപ്പ് | 2003 | 8,000/- |
| 2. | KL 01 AD 4521 | മഹീന്ദ്ര ജീപ്പ് | 2004 | 9,000/- |
| 3. | KL 01 X 9315 | മഹീന്ദ്ര ജീപ്പ് | 2002 | 8,000/- |
| 4. | KL 01 X 9314 | മഹീന്ദ്ര ജീപ്പ് | 2002 | 7,500/- |
| 5. | KL 01 X 9016 | മഹീന്ദ്ര ജീപ്പ് | 2002 | 7,000/- |
| 6. | KL 01 X 9380 | ടാറ്റ 709 ബസ്സ് | 2002 | 9,000/- |

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം പകൽ 11 മണിക്ക് മുൻപായി പത്തനംതിട്ട ജില്ലാ സായുധ സേനാ ക്യാമ്പിൽ ഓരോ വാഹനത്തിൻറെയും പേർക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം കെട്ടിവെച്ച് രസീത് വാങ്ങി വകുപ്പ്തല നിബന്ധനകൾക്കും നിയമങ്ങൾക്കും വിധേയമായി ലേലത്തിൽ പങ്കെടുക്കാവുന്നതാണ് . കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയുടെ പേർക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തികൊടുക്കുന്നതും ടിയാൻ ലേലതുകയുടെ പകുതി തുക (നിരത ദ്രവ്യം കുറച്ച്) ലേല സ്ഥലത്ത് വെച്ചുതന്നെ ഒടുക്കേണ്ടതുമാണ് . ബാക്കി തുകയും ലേലം ഉറപ്പിച്ച തുകയുടെ നിയമാനുശ്രുതമായ നിലവിലുള്ള നികുതികൾ [സ്ക്രാപ് ആയി വിൽക്കുന്ന വാഹനങ്ങൾക്ക് 18 % (GST) , അല്ലാത്തവ 28 % ( GST ] സഹിതം ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ഒടുക്കേണ്ടതും സ്വന്തം ചെലവിൽ വാഹനം നീക്കം ചെയ്യേണ്ടതുമാണ്. മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ് . പുനർലേലത്തിൽ സർക്കാരിനു എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണ് എങ്കിൽ ആയത് ആദ്യം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല. ലേലം സംബന്ധിച്ച നടപടി ക്രമങ്ങൾ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ പൂർണ്ണ അധീനതയിലായിരിക്കുന്നതും യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേലം നടപടികൾ റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ് . ലേലത്തിന് നിശ്ചയിക്കപ്പെട്ട വാഹനങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതിയോടെ അതത് യൂണിറ്റ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ ലേലതീയതിക്ക് മുൻപായിട്ടുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ കാണുന്നതിനും പരിശോധിക്കുന്നതിനും അനുവദിക്കുന്നതാണ് .

ലേലം സംബന്ധമായ വിശദ വിവരങ്ങൾ പത്തനംതിട്ട ജില്ലാ സായുധ സേനാക്യാമ്പിൽ ലഭ്യമാകുന്നതും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതുമാണ് .

Narayanan T IPS
Superintendent of Police

To : സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്ക് ,ആമുഖകത്ത് സഹിതം സംസ്ഥാനത്തെ എല്ലാ സിറ്റി പോലീസ് കമീഷണർമാർക്കും ,ജില്ലാ പോലീസ് മേധാവിമാർക്കും , കമാണ്ടന്റുമാർക്കും അറിവിലേക്കായി .പത്തനംതിട്ട ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചാരണത്തിനായി . അസിസ്റ്റൻറ് കമാണ്ടൻറ് ,ജില്ലാ സായുധ സേനാ വിഭാഗം പത്തനംതിട്ട , ഡി വൈ എസ് പി അഡ്മിനിസ്ട്രേഷൻ ആർ ഐ ,എം ടിഒ , CA to DPC